DESPATCHED
On. 14.12.21.



25/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 726(6)/2021 എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6392/എസ്.ഐ.സി–ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അജുഖാൻ. എം.
അജുമൻസിൽ,
കുണ്ടയം പി.ഒ,
പത്തനാപുരം – 689 695 — അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസീൽദാർ (പ്ലാന്റേഷൻ), താലൂക്ക് ഓഫീസ്, പത്തനാപുരം കൊല്ലം – 689 695.
2. അപ്പീൽ അധികാരി & തഹസീൽദാർ (ഭൂരേഖ), താലൂക്ക് ഓഫീസ്, പത്തനാപുരം കൊല്ലം – 689 695.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 04/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/04/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 17/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 12/11/2021<br>PWD റസ്റ്റ് ഹൗസ്, പുനലൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അജുഖാൻ. എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി വിവരാവകാശ നിയമപ്രകാരമുള്ള സമയ പരിധി കഴിഞ്ഞാണ് മറുപടി നൽകിയതെന്നും ആയത് തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിൽ അപ്പീലധികാരി ഹിയറിംഗ് നടത്തിയിട്ടുള്ളതും എന്നാൽ ടിയാൻ വ്യക്തമായ വിവരങ്ങൽ ആവശ്യപ്പെട്ടിട്ട് പ്രതികാര രൂപേണ വിവരങ്ങൾ തടഞ്ഞു വച്ചു എന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 04.01.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

(A) പരാതി തനത് ഓഫീസിൽ സമർപ്പിച്ചാൽ പരാതിക്കാരന് ലഭിക്കേണ്ട മൗലിക അവകാശങ്ങളെകുറിച്ചും

(B) പരാതി സമർപ്പിച്ചാൽ അതിനുള്ള മറുപടി ലഭിക്കേണ്ട കാലദിവസങ്ങളെക്കുറിച്ചും തുടർനടപടിയെകുറിച്ചും

(C) മറുപടിയിൽ കാലതാമസമോ, ലഭിക്കാതെ വരുകയോ, തുടർ നടപടികൾ ഇല്ലാതെയും വന്നാൽ പരാതിപ്പെടേണ്ട അതോററ്റിയെ കുറിച്ചും മറ്റുമാണ്.

3. ഹർജിക്കാരന്റെ 04.01.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 26.03.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 13.04.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 29.04.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 17.08.2021 തീയതിയിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നും ആയത് അപൂർണ്ണവും അവ്യക്തവുമാണ് എന്നാരോപിച്ചാണ് ടിയാൻ ഒന്നാം അപ്പീൽ

സമർപ്പിച്ചിട്ടുള്ളതെന്നും ടി അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും 26.04.2021 ൽ നേരിൽ കേട്ട് 29.04.2021 ൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതുമാണെന്നാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ഏതെങ്കിലും ഒരു പ്രത്യേക വിഷയം സംബന്ധിച്ച് പരാമർശിക്കാത്തതിനാലാണ് സേവനാവകാശനിയമം സംബന്ധിച്ച പൊതുവായ വിവരങ്ങൾ അപേക്ഷകനെ അറിയിച്ചതെന്നും വിഷയം ഏതാണെന്ന് വ്യക്തമല്ലാത്തതിനാലാണ് നടപടി സ്വീകരിക്കേണ്ട കാല പരിധിയും അപ്പീൽ അധികാരിയുടെ പേരും സംബന്ധിച്ച വിവരം നൽകാൻ കഴിയാതിരുന്നത് എന്നാണ് എസ്.പി.ഐ.ഒ അറിയിച്ചതെന്നും എസ്.പി..ഐ.ഒ യുടെ വിശദീകരണം തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടതിനാലാണ് അപ്പീൽ നിരസിച്ചതെന്നും എന്നിരുന്നാലും അപേക്ഷകന് വിവരം ലഭിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള വസ്തുത കണക്കിലെടുത്ത്, വിചാരണ സമയത്ത് ഏത് വിഷയം സംബന്ധിച്ച വിവരമാണ് ആവശ്യമെന്ന് വ്യക്തത വരുത്തുവാൻ അപേക്ഷകനോട് ആവശ്യപ്പെട്ടെങ്കിലും ടിയാന് അത് കഴിയാതെ വന്ന സാഹചര്യത്തിലാണ് ആയതിൽ വ്യക്തത വരുത്തി അപേക്ഷാഫീസ് ഒഴിവാക്കി പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷന് അവസരം നൽകിയതെന്നും അതിന് കഴിയാതെ വരുന്ന പക്ഷം ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ ആവശ്യം എസ്.പി.ഐ.ഒ മുമ്പാകെ പറഞ്ഞാൽ അവ എഴുതി എടുത്ത് 5 ദിവസത്തിനുള്ളിൽ മറുപടി നൽകുന്നതിന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിയിരുന്നെന്നും എന്നാൽ ടി അവസരങ്ങൾ ഹർജിക്കാരൻ ഉപയോഗിച്ചിട്ടില്ലാത്തതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയതായി കാണുന്നു. ആയത് തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 12.11.2021 ൽ കമ്മീഷൻ പുനലൂർ PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ അപേക്ഷയിൽ നിന്നും ടിയാന് ആവശ്യമുള്ളത് ഏത് വിഷയം സംബന്ധിച്ച വിവരമാണ് എന്ന് വ്യക്തമാവുന്നില്ലെന്ന് രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യം ശരിയാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഹർജിക്കാരൻ

സർവ്വേയുമായി ബന്ധപ്പെട്ട് 5 വർഷം മുമ്പ് കൊടുത്തിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് എന്നാണ് ടിയാന്റെ മൊഴിയിൽ പറയുന്നത്. ആയതിനാൽ ഒരിക്കൽ കൂടി വ്യക്തമായി ആവശ്യമുള്ള വിവരങ്ങൾ അക്കമിട്ട് എസ്.പി.ഐ.ഒ യ്ക്ക് നൽകുന്നതിനും ആയത് ലഭിച്ചാൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം മറുപടി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ടും ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 25–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm